"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കെട്ടിട നികുതിയുമായി ബന്ധപ്പെട്ട് അപ്പീൽ പെറ്റിഷൻ ഫയൽ ചെയ്യുന്നതിന് വരുത്തിയ കാലതാമസം മാപ്പാക്കി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ(ആർ.സി) വകുപ്പ്

സ.ഉ.(സാധാ) നം.1910/2022/LSGD തീയതി,തിരുവനന്തപുരം, 06-08-2022

---

പരാമർശം:-

1. ശ്രീമതി മായാ മഹാദേവൻ 14.03.2022 ൽ സമർപ്പിച്ച നിവേദനം.
2. നഗരകാര്യ ഡയറക്ടറുടെ 04.07.2022 തീയതിലെ DUA/1154/2022-G1 നമ്പർ റിപ്പോർട്ട്.

ഉത്തരവ്

തിരുവനന്തപുരം നഗരസഭയിൽ കെട്ടിട നികുതിയുമായി ബന്ധപ്പെട്ട് അപ്പീൽ പെറ്റിഷൻ ഫയൽ ചെയ്യുന്നതിന് വരുത്തിയ കാലതാമസം മാപ്പാക്കി നൽകുന്നതിനായി പരാമർശം (1) പ്രകാരം ശ്രീമതി മായാ മഹാദേവൻ, ഹൗസ് നമ്പർ 38, വികാസ് ലെയിൻ, കുന്നുകുഴി, വഞ്ചിയൂർ, തിരുവനന്തപുരം എന്ന വ്യക്തി അപേക്ഷ സമർപ്പിക്കുകയുണ്ടായി.

2)തിരുവനന്തപുരം നഗരസഭയിലെ വഴുതക്കാട് വാർഡിൽ ഉൾപ്പെട്ട ശ്രീമതി മായ മഹാദേവന്റെ ഉടമസ്ഥതയിലുള്ള 29/4694 (1), (2) നമ്പർ കെട്ടിടങ്ങൾക്ക്(വാസഗൃഹം) 2021-22 ഒന്നാം അർദ്ധവർഷം മുതൽ യഥാക്രമം 5448/-, 5490/- രൂപ വീതം വാർഷിക വസ്തു നികുതി നഗരസഭ നിശ്ചയിച്ചിരുന്നതായും ഇതു സംബന്ധിച്ച നോട്ടീസ് ടിയാരി 25.11.2021-ൽ കൈപ്പറ്റിയിരുന്നതായും നികുതി കുറവ് ചെയ്യുന്നതിനായി നഗരസഭ അപ്പീൽകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ അപേക്ഷ സമർപ്പിക്കേണ്ടത് അർദ്ധവാർഷിക നികുതി ഒടുക്കിയ ശേഷം നോട്ടീസ് കൈപ്പറ്റി 30 ദിവസത്തിനകമാണെന്നും എന്നാൽ ഇതിനായി ടിയാരി നിശ്ചിത സമയപരിധിക്കുള്ളിൽ അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തതാണെന്നും ആയതിനാൽ അപ്പീൽ പെറ്റീഷൻ ഫയൽ ചെയ്യുന്നതിന് വരുത്തിയ കാലതാമസം മാപ്പാക്കി നൽകുന്ന ആവശ്യത്തിലേക്കായി ടിയാരി സമർപ്പിച്ച അപേക്ഷ സർക്കാർ തലത്തിൽ പരിഗണിക്കാവുന്നതാണെന്നും പരാമർശം (2)പ്രകാരം നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കെട്ടിട നികുതിയുമായി ബന്ധപ്പെട്ട് അപ്പീൽ പെറ്റിഷൻ ഫയൽ ചെയ്യുന്നതിന് വരുത്തിയ കാലതാമസം മാപ്പാക്കി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PRIYA V K
അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, തിരുവനന്തപുരം നഗരസഭ.

PTO

ശ്രീമതി മായാ മഹാദേവൻ, ഹൗസ് നമ്പർ 38, വികാസ് ലെയിൻ, കുന്നുകുഴി, വഞ്ചിയൂർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-I/ആഡിറ്റ്-II), കേരള, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ് തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി (ആർസി2/66/2022-ത.സ്വ.ഭ.വ.)

ഉത്തരവിൻ പ്രകാരം

**Signed by Pradeesh M**
**Date: 06-08-2022 12:41:54**

സെക്ഷൻ ഓഫീസർ